പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3959 15.12.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യും സാമ്പത്തിക പ്രതിസന്ധിയും

ചോദ്യം

ശ്രീ. സി. മമ്മൂട്ടി :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ ജീവനക്കാർക്ക് ശമ്പളവും പെൻഷൻകാർക്ക് പെൻഷനും നൽകുന്നത് മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് എന്ന് അറിയിക്കുമോ; | (എ) | ശമ്പളവും പെൻഷനും മുടങ്ങിയിട്ടുണ്ട്. 2014 നവംബർ മാസത്തെ ശമ്പളം 06.12.2014 -ലാണ് വിതരണം ചെയ്തത്. നിലവിൽ 3 മാസത്തെ പെൻഷൻ കുടശ്ശികയായി വിതരണം ചെയ്യാനുണ്ട്. 2012 ഒക്ടോബർ മാസം മുതൽ പെൻഷൻ വിതരണം കുടിശ്ശികയാകുന്നുണ്ട്. |
| (ബി) | വിപണിയിൽ ഡീസൽ വില താഴേക്ക് പോയത് കെ.എസ്.ആർ. ടി.സി. പ്രയോജനപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഈയിനത്തിൽ എത്ര തുക ലാഭമായിട്ടുണ്ട്; | (ബി) | ഉണ്ട്.<br>പ്രതിദിനം ഏകദേശം 14 ലക്ഷം രൂപയുടെ കുറവ് ഇന്ധനവിലയിൽ ഉണ്ടായിട്ടുണ്ട്. |
| (സി) | സ്റ്റാഫ് കാർ ഓട്ടം, അനാവശ്യ സിവിൽ ജോലികൾ എന്നിവയ്ക്ക് നിയന്ത്രണങ്ങളേർപ്പെടുത്തി പെൻഷൻകാരെയും മറ്റ് തൊഴിലാളികളെയും പട്ടിണിക്കിടുന്നത് ഒഴിവാക്കുമോ? | (സി) | സ്റ്റാഫ് കാർ ഓട്ടം പരിമിതപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ പ്ലാൻ ഫണ്ടിൽ പെടുത്തി അനുവദിക്കുന്ന തുകയ്ക്കുള്ള ജോലികൾ മാത്രമേ നടത്തുന്നുള്ളൂ. കൂടാതെ MLA LACADS, MLA SDF, MPLAD എന്നീ ഫണ്ടുകൾ ഉപയോഗിച്ചാണ് പണികൾ ചെയ്യുന്നത്. കെ.എസ്.ആർ. ടി.സി നേരിട്ട് പണി നിർവ്വഹിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് മുതൽ മുടക്കിന് പലിശരഹിത നിക്ഷേപം സ്വീകരിച്ചാണ് പണം കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ